# ജി. എച്ച്. എസ്. എസ്. കൊടുമുണ്ട

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026



# ഉള്ളടക്കം


ആമുഖം ........ 3

നമ്മുടെ വിദ്യാലയം - അടിസ്ഥാന വിവരങ്ങൾ ........ 4

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട – ചരിത്രം ........ 5

അക്കാദമിക നേട്ടങ്ങൾ ........ 6

പാഠ്യേതര പ്രവർത്തനങ്ങൾ ........ 6

- ലിറ്റിൽ കൈറ്റ്സ് ........ 6
- ജൂനിയർ റെഡ് ക്രോസ് ........ 6
- സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ........ 6
- അടൽ ടിങ്കറിംഗ് ലബോറട്ടറി ........ 7
- റോബോഫെസ്റ്റ് ........ 7
- ടെക്ക് എക്സ്പോ ........ 7

പാഠ്യേതര പ്രവർത്തനം - നേട്ടങ്ങൾ ........ 8

- കലാമേള ........ 8
- കായിക മേള ........ 8
- പ്രവൃത്തിപരിചയ മേള ........ 8
- ഗണിതശാസ്ത്ര മേള ........ 8

ഭൗതിക സൗകര്യങ്ങൾ ........ 9

- നിലവിലെ അവസ്ഥാ വിശകലനം ........ 9
- പരിമിതികൾ ........ 9

എസ്എസ്എൽസി 2026 - മുന്നൊരുക്കങ്ങൾ ........ 10

പ്രത്യേക പഠനപിന്തുണാ പ്രവർത്തനങ്ങൾ ........ 11

നൂതനാശയ പ്രവർത്തനങ്ങൾ ........ 12

വിഷയാധിഷ്ഠിത മാസ്റ്റർ പ്ലാൻ 2025-2026 ........ 14

- മലയാളം ........ 14
- സംസ്കൃതം ........ 16
- അറബിക് ........ 17
- ഇംഗ്ലീഷ് ........ 18
- ഹിന്ദി ........ 19
- സാമൂഹ്യശാസ്ത്രം ........ 19
- ശാസ്ത്രം ........ 22
- ഗണിതം ........ 25
- വിവരവിനിമയ സാങ്കേതികവിദ്യ ........ 27


ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

കലാവിദ്യാഭ്യാസം ..... 28
ആരോഗ്യ-കായിക വിദ്യാഭ്യാസം ..... 28
തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം ..... 29
ഉപസംഹാരം ..... 30
വാർഷിക ആസൂത്രണം - പ്രവർത്തന കലണ്ടർ 2025-26 ..... 31
മെയ് 2025 ..... 31
ജൂൺ 2025 ..... 32
ജൂലൈ 2025 ..... 33
ആഗസ്റ്റ് 2025 ..... 34
സെപ്റ്റംബർ 2025 ..... 35

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# ആമുഖം

കരിമ്പന കൂട്ടങ്ങൾ തല ഉയർത്തി നിൽക്കുന്ന, കൃഷിയിടങ്ങൾ കലവറ തീർത്ത പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ ദിക്കിൽ സ്ഥിതിചെയ്യുന്ന മുതുതല പഞ്ചായത്തിൽ തികച്ചും ഗ്രാമീണ നിഷ്കളങ്കതയോടെയും അഭിമാനത്തോടെയും തല ഉയർത്തി നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് കൊടുമുണ്ട ഹയർസെക്കൻഡറി സ്കൂൾ. ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും കഷ്ടപ്പാടിൽ നിന്ന് മികവിന്റെ കേന്ദ്രമായി കൈപിടിച്ചുയർത്തിയത് നാട്ടുകാരും അധ്യാപകരും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും ആത്മാർത്ഥമായി പ്രവർത്തിച്ചതു കൊണ്ട് മാത്രമാണ്.

അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്തിൽ ഇന്നലെ വരെ പരിഷ്കൃതമായി കരുതിയത് എല്ലാം ഇന്ന് അപരിഷ്കൃതമായിരിക്കുകയാണ്. ചിന്ത, പ്രവർത്തി, ജീവിതരീതി, മൂല്യങ്ങൾ, മാനുഷിക ബന്ധങ്ങൾ എന്നിവയിൽ എല്ലാം സ്ഫോടനാത്മകമായി മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. മാറുന്ന ലോകത്തിനൊപ്പം സഞ്ചരിക്കുവാൻ സമത്വം, സാഹോദര്യം, മതേതരത്വം, യുക്തിചിന്ത, ശാസ്ത്രബോധം, മാനവികത തുടങ്ങിയ ഭരണഘടന മൂല്യങ്ങൾ ജീവിത രീതിയാക്കുന്ന ഒരു സമൂഹവും അത്യാവശ്യമാണ്. ഇത്തരം മൂല്യങ്ങൾക്ക് വിത്ത് ഇടുവാനുള്ള ഫലഭൂയിഷ്ഠമായ നിലങ്ങളാണ് പൊതുവിദ്യാലയങ്ങൾ. കഴിഞ്ഞ ഒൻപത് വർഷമായി എസ്എസ്എൽസിക്ക് 100% വിജയം കൈവരിച്ച മികവിന്റെ കേന്ദ്രമായി മാറിയ ഈ വിദ്യാലയത്തിൽ പഠിച്ച പൂർവ വിദ്യാർത്ഥികളിൽ പലരും ദേശീയ അന്തർദേശീയ തലത്തിൽ മികച്ച പ്രൊഫൈലിന്റെ ഉടമകളാണ്. ഒറ്റപ്പെടുന്നവർ, അരികുവൽക്കരിക്കപ്പെട്ടവർ, ഭിന്ന നിലവാരമുള്ളവർ എന്നിവരെയെല്ലാം ചേർത്തുപിടിക്കുന്ന ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുന്ന സ്ഥാപനമാണ് ഈ വിദ്യാലയം. 'വിടർന്ന പൂവിനൊപ്പം വീണപൂവിനെയും' പരിഗണിക്കുന്ന അധ്യാപന സമീപനവും രക്ഷകർതൃ ഉത്തരവാദിത്തവും സ്ഥാപനത്തിൽ പൂർണ്ണതയിൽ തന്നെ നടപ്പിലാക്കി വരുന്നു. മാറിയ സാമ്പത്തിക ക്രമത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കുടുംബബന്ധങ്ങളെയും സമൂഹത്തെയും തകർത്തു കൊണ്ടിരിക്കുന്നു. ലഹരിയുടെ നിഴൽ യുദ്ധത്തിനെതിരെ പോരാളിയായി 'ലഹരി വിമുക്ത നവകേരളം' സൃഷ്ടിക്കുവാൻ സംസ്ഥാന സംവിധാനങ്ങൾക്കൊപ്പം ഈ വിദ്യാലയവും മുന്നിലുണ്ടാകും. വനങ്ങളും വന്യജീവികളും നദികളും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെടേണ്ടവയാണ് എന്ന അവബോധം കുട്ടികളിൽ ആഴത്തിൽ പതിയാനും അതനുസരിച്ച് പ്രവർത്തിക്കാനും പരിസ്ഥിതി ജൈവ ക്ലബ്ബുകളും വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം ഗുണപരമായ മാറ്റങ്ങൾക്കൊപ്പം ചതികളുടെ വാരിക്കുഴികളും ഒരുക്കി കാത്തിരിക്കുന്നു. 'കൃത്രിമ ബുദ്ധി'യിൽ വിരിഞ്ഞ കണ്ടന്റുകൾ പലപ്പോഴും ശരി തെറ്റുകളെ വേർതിരിക്കാൻ കഴിയാത്ത വിധം സമൂഹമാധ്യമങ്ങളിൽ പ്രളയം സൃഷ്ടിച്ചിട്ടുണ്ട്. ഇവ വിശകലനം ചെയ്ത് ശരിയായ പാത തെരഞ്ഞെടുക്കുവാൻ സഹായിക്കുന്ന രക്ഷാപ്രവർത്തകരായി അധ്യാപകരും രക്ഷിതാക്കളും മാറേണ്ടതുണ്ട്.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സൃഷ്ടിപരമായ ഇടപെടലിലൂടെ ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപപ്പെടുത്തി വ്യക്തികളെ പ്രാപ്തമാക്കുന്ന വിദ്യാഭ്യാസ ലക്ഷ്യം പരമാവധി നേടുന്നതിന് ഈ മാസ്റ്റർ പ്ലാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യത ഉള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക കൂടിയാണ് ഇതിന്റെ ലക്ഷ്യം. ഓരോ വിദ്യാർത്ഥിയ്ക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുക, കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക, പാഠ്യ പാഠ്യേതര വിഷയങ്ങളിൽ സജീവമായി ഇടപെടുക, പഠന പിന്തുണ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക, വിദ്യാർത്ഥി അധ്യാപക രക്ഷകർതൃ ബന്ധം ഊഷ്മളമാക്കുക തുടങ്ങിയ വിശാലമായ കാഴ്ചപ്പാടുകൾ ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു.

# നമ്മുടെ വിദ്യാലയം - അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ജി. എച്ച്. എസ്. എസ്. കൊടുമുണ്ട |
| പഞ്ചായത്ത് | മുതുതല |
| ബി. ആർ. സി | പട്ടാമ്പി |
| ഉപ ജില്ല | പട്ടാമ്പി |
| വിദ്യാഭ്യാസ ജില്ല | ഒറ്റപ്പാലം |
| ജില്ല | പാലക്കാട് |
| പ്രിൻസിപ്പൽ | മായ പി ഒ |
| ഹെഡ്മാസ്റ്റർ | രവീന്ദ്രൻ കെ ആർ |
| ആകെ അധ്യാപകർ | 34 |
| ഹയർ സെക്കൻഡറി വിഭാഗം | 17 |
| ഹൈസ്കൂൾ വിഭാഗം | 10 |
| യു പി വിഭാഗം | 7 |
| ക്ലർക്ക് | 1 |
| ഒ എ | 2 |
| എഫ് ടി എം | 1 |

## വിദ്യാർത്ഥികളുടെ എണ്ണം

| ക്ലാസ്സ് | ആകെ കുട്ടികൾ |
|---|---|
| 5 | 37 |
| 6 | 38 |
| 7 | 36 |
| 8 | 62 |
| 9 | 62 |
| 10 | 57 |

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# ജി. എച്ച്. എസ്. എസ്. കൊടുമുണ്ട – ചരിത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പിക്ക് അടുത്തുള്ള മുതുതല പഞ്ചായത്തിലെ ചരിത്ര പ്രസിദ്ധമായ കൊടുമുണ്ടയിലെ മുത്തശ്ശിയാർ കാവിനടുത്ത് ആണ് കൊടുമുണ്ട ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായ പ്രദേശത്ത് കാവും കുളവും കുന്നുകളും അതിരിടുന്ന ശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വിദ്യാലയമാണ് ജി.എച്ച്.എസ്.എസ്. കൊടുമുണ്ട. മുതുതല പാലത്തിനടുത്തായിരുന്നു ഈ സ്കൂളിന്റെ ആരംഭം കുറിച്ചത്. സ്കൂൾ പറമ്പ് എന്ന പേരിൽ ഒരു പറമ്പ് ഇപ്പോഴും അവിടെയുണ്ട്. ഈ വിദ്യാലയത്തിലെ അധ്യാപകർ പുരോഗമന ചിന്താഗതിക്കാർ ആയിരുന്നു. അവർ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിൽ പങ്കാളിയായി. നാട്ടിലെ ചില പ്രമാണിമാർ ഇതിനെതിരെ രംഗത്തു വരികയും അത് സ്കൂൾ ഇവിടെ നിന്നു മാറ്റുന്നതിൽ അവസാനിക്കുകയും ചെയ്തു. കൊടുമുണ്ടയിലെ കുഞ്ഞൻ നായർ എന്ന വ്യക്തിയാണ് സ്ഥലം വാങ്ങി സ്കൂൾ കൊടുമുണ്ടയിൽ ആരംഭിക്കാൻ മുൻകൈ എടുത്തത്.

പരിമിതമായ സൗകര്യങ്ങളിൽ 1928ൽ എൽ പി സ്കൂൾ ആരംഭിച്ചത്, പിന്നീട് എലമെന്ററി സ്കൂൾ എന്ന പേരിൽ 1958ൽ യു പി വിഭാഗം കൂടി പ്രവർത്തനം ആരംഭിച്ചു. 1980 ൽ ആണ് ഹൈസ്കൂൾ വിഭാഗം തുടങ്ങിയത്. ഹൈസ്കൂളിന് മുത്തശ്ശിയാർകാവ് റോഡിനോട് ചേർന്ന് മൂന്ന് ഏക്കർ സ്ഥലം വാങ്ങി നാട്ടുകാർ കെട്ടിടം നിർമിച്ചുകൊടുത്തു. ഷിഫ്റ്റ് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചുവന്നത്. ഒന്ന് മുതൽ നാലു വരെയുള്ള ക്ലാസുകൾ പഴയ വാടക കെട്ടിടത്തിലും, 5 മുതൽ 10 വരെയുള്ള ക്ലാസുകൾ പുതിയ കെട്ടിടത്തിലും പ്രവർത്തിച്ചു വന്നു. 2002ൽ എൽ.പി. വിഭാഗം പുതിയ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ നിലവിൽ വന്നു. 2007ൽ ഹയർസെക്കൻഡറി വിഭാഗം ആരംഭിച്ചു. വളരെ കുറച്ച് അധ്യാപകരെ വെച്ചാണ് ആദ്യകാലത്ത് സ്കൂൾ തുടങ്ങിയത്. യുപി വിഭാഗം അധ്യാപകർ ഹൈസ്കൂൾ ക്ലാസുകൾ പഠിപ്പിക്കാൻ തയ്യാറായതിനാലാണ് അധ്യയനം മുന്നോട്ടുപോയത് . 1983 ൽ ആദ്യ എസ് എസ് എൽ സി ബാച്ച് വിദ്യാലയത്തിൽ നിന്ന് പടിയിറങ്ങി.

കൊടുമുണ്ട ഹൈസ്കൂൾ ഇന്നത്തെ നിലയിലെത്താൻ കാരണക്കാരായ കൊടുമുണ്ട വാസികളുടെ പങ്ക് എടുത്തു പറയേണ്ടതാണ്. പ്രതിഫലേച്ഛയില്ലാതെ കല്ലും മണ്ണും തലച്ചുമടേറ്റി കുന്നിൻ മുകളിലേക്ക് കയറ്റിയാണ് ഇവിടുത്തെ അധ്യാപകരും നാട്ടുകാരും കെട്ടിടം നിർമിച്ചത്. തുടക്കത്തിൽ 28%, 31% എന്നിങ്ങനെയായിരുന്നു എസ്എസ്എൽസി വിജയം. 2016-2017 വർഷമായപ്പോഴേക്കും 100% ത്തിലെത്തി. 2002 ൽ എൽ പി വിഭാഗവും യുപി വിഭാഗവും വേർപ്പെടുത്തി, യുപി വിഭാഗവും ഹൈസ്കൂൾ വിഭാഗവും ഒരുമിച്ച് പ്രവർത്തനം ആരംഭിച്ചു. 2007 ലാണ് ഹയർ സെക്കൻഡറി വിഭാഗം ആരംഭിക്കുന്നത്.

ജീവിതത്തിൽ വെന്നിക്കൊടി പാറിച്ച നിരവധി പേർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ ഐടി പ്രൊഫസറായ രതീഷ്, സ്ത്രീശാക്തീകരണ പുരസ്കാരം നേടിയ ഡോ.ഭാനുമതി, ഡോ.ജമാൽ, ഡോ.അനിൽ, ഇലക്ട്രിസിറ്റി ബോർഡിൽ സൂപ്രണ്ടായ മുസ്തഫ. ഈ സ്കൂളിലെ തന്നെ അധ്യാപകരായ ശകുന്തള (തലശ്ശേരി ജില്ല വിദ്യാഭ്യാസ ഓഫീസർ), മായ ടീച്ചർ (ഹയർ സെക്കൻഡറി വിഭാഗം പ്രിൻസിപ്പാൾ) രതീഷ്, സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെൻറിൽ ജോലിചെയ്യുന്ന രവീന്ദ്രൻ, ആർക്കിടെക്റ്റായ അപർണ്ണ ഗോപിനാഥ്, ബിഎസ്എൻഎൽ എഞ്ചിനീയറിംഗ് സെക്ഷനിൽ ജോലിചെയ്യുന്ന നിഷാന്ത്, ഹയർസെക്കൻഡറി അധ്യാപികയായ സോയ.വി.ടി, രതി ചെസ്സിൽ അന്താരാഷ്ട്ര ആർബിടറയായ എസ്. ഗോപകുമാർ തുടങ്ങി നിരവധി പേർ ഈ സ്കൂളിന്റെ യശസ്സുയർത്തിയവരാണ്.

# അക്കാദമിക നേട്ടങ്ങൾ

- 2017 മുതൽ 2025 വരെ തുടർച്ചയായി എസ്എസ്എൽസി പരീക്ഷയ്ക്ക് 100% വിജയം
- എസ്എസ്എൽസി പരീക്ഷയ്ക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധന
- ദേശീയ തലത്തിലെ എൻഎംഎംഎസ് സ്കോളർഷിപ്പ് വിജയി
- യുഎസ്എസ് സ്കോളർഷിപ്പ്, എൻഎംഎംഎസ് സ്കോളർഷിപ്പ്, സംസ്കൃതം സ്കോളർഷിപ്പ് തുടങ്ങിയ പരീക്ഷകളിൽ യോഗ്യത നേടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധന

# പാഠ്യേതര പ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

വിവര, ആശയവിനിമയ സാങ്കേതികവിദ്യകളിൽ (ഐസിടി) വിദ്യാർത്ഥികളുടെ താൽപര്യം വർദ്ധിപ്പിക്കുകയും സാങ്കേതികവിദ്യയുടെ ഉചിതമായ ഉപയോഗത്തിനായി ഒരു സംസ്കാരം സൃഷ്ടിക്കുകയും ചെയ്യുന്നതിനായിുള്ള ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്, സംസ്ഥാനത്ത് ഉദ്ഘാടനം ചെയ്ത വർഷം (2018) തന്നെ സ്കൂളിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കുറഞ്ഞത് 20 കുട്ടികളെങ്കിലും ഓരോ ബാച്ചിലും ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് അംഗങ്ങളായിട്ടുണ്ട്. നിലവിൽ രണ്ടു ബാച്ചിലായി 45 കുട്ടികൾ ലിറ്റിൽ കൈറ്റ്സിൽ ഉണ്ട്.

## ജൂനിയർ റെഡ് ക്രോസ്

ജൂനിയർ റെഡ് ക്രോസ് എന്നത് ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റിയുടെ വിദ്യാർത്ഥി വിഭാഗമാണ്. ഇത് വിദ്യാർത്ഥികളിൽ മാനവിക മൂല്യങ്ങൾ, ആരോഗ്യപരിചരണം, സാമൂഹിക സേവനം തുടങ്ങിയവ വളർത്താൻ സഹായിക്കുന്നു. ഫസ്റ്റ് എയ്ഡ്, അടിയന്തരസഹായം, ആരോഗ്യം ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ജൂനിയർ റെഡ് ക്രോസ് കുട്ടികൾക്ക് പരിശീലനം നൽകുന്നു. 2017 മുതൽ ജെ ആർ സി സ്കൂളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്കൂളിൽ 66 ജൂനിയർ റെഡ് ക്രോസ് അംഗങ്ങളുണ്ട്.

## സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്

ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് എന്നത് സ്വയം അച്ചടക്കം, സാമൂഹിക സേവനം, ദേശസ്നേഹം എന്നിവയുടെ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ യുവാക്കളുടെ സ്വഭാവം രൂപപ്പെടുത്തുന്നതിനും വളർത്തിയെടുക്കുന്നതിനുമുള്ള ഒരു സന്നദ്ധ, വിദ്യാഭ്യാസ പ്രസ്ഥാനമാണ്. വ്യക്തികൾ, ഉത്തരവാദിത്തമുള്ള പൗരന്മാർ, അവരുടെ പ്രാദേശിക, ദേശീയ, അന്തർദേശീയ സമൂഹങ്ങളിലെ അംഗങ്ങൾ എന്നീ നിലകളിൽ യുവാക്കൾ അവരുടെ പൂർണ്ണമായ ശാരീരിക, ബൗദ്ധിക, വൈകാരിക, സാമൂഹിക, ആത്മീയ കഴിവുകൾ നേടിയെടുക്കുന്നതിന് സംഭാവന ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നേതൃത്വ ഗുണങ്ങളും സമൂഹ സേവനവും വികസിപ്പിക്കുന്ന തരത്തിലാണ് പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2022ൽ സ്കൗട്ട്സും 2025ൽ ഗൈഡ്സും സ്കൂളിൽ നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ചു. നിലവിൽ സ്കൂളിൽ 24 സ്കൗട്ട്സ് അംഗങ്ങളുണ്ട്.

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# അടൽ ടിങ്കറിംഗ് ലബോറട്ടറി

യുവമനസ്സുകളിൽ ജിജ്ഞാസ, സർഗ്ഗാത്മകത, ഭാവന എന്നിവ വളർത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച അടൽ ടിങ്കറിംഗ് ലബോറട്ടറി സ്കൂളിൽ **2020** മുതൽ പ്രവർത്തിച്ചു വരുന്നു. യുവമനസ്സുകൾക്ക് നൂതനാശയ കഴിവുകൾ പഠിക്കാനും, പ്രായോഗിക പ്രവർത്തനങ്ങളിലൂടെ ആശയങ്ങൾ രൂപപ്പെടുത്താനും, വഴക്കമുള്ള അന്തരീക്ഷത്തിൽ പ്രവർത്തിക്കാനും പഠിക്കാനും അടൽ ടിങ്കറിംഗ് ലബോറട്ടറി സൌകര്യമൊരുക്കുന്നു. സർഗ്ഗാത്മകത, നവീകരണം, വിമർശനാത്മക ചിന്ത, ഡിസൈൻ ചിന്ത, സാമൂഹികവും സാംസ്കാരികവുമായ സഹകരണം, ധാർമ്മിക നേതൃത്വം തുടങ്ങിയ കഴിവുകൾ ഇതിലൂടെ കുട്ടികളിൽ വികസിക്കുന്നു.

# റോബോഫെസ്റ്റ്

വിദ്യാർത്ഥികളുടെ സാങ്കേതിക കഴിവുകൾ വളർത്തുക, റോബോട്ടിക്സ്, പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ പ്രായോഗിക പരിചയം നൽകുക, സംഘാടന, ടീം വർക്ക്, പ്രശ്നപരിഹാര കഴിവുകൾ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ അടൽ ടിങ്കറിങ് ലാബിന്റെ നേതൃത്വത്തിൽ ജി. എച്ച്. എസ്. എസ്. കൊടുമുണ്ടയിൽ സ്കൂൾ വാർഷികത്തോട് അനുബന്ധിച്ച് **2024**ൽ മറ്റു വിദ്യാലയങ്ങളിലെ കുട്ടികൾക്കും പൊതുജനങ്ങൾക്കുമായി റോബോഫെസ്റ്റ് നടത്തി. ഇതിലൂടെ വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ്, സാങ്കേതികവിദ്യ, ശാസ്ത്രം എന്നിവയിൽ തങ്ങളുടെ കഴിവുകളും സൃഷ്ടിപരമായ ആശയങ്ങളും പ്രദർശിപ്പിക്കാനുള്ള പ്രായോഗിക പരിചയവും, ടീമിൽ പ്രവർത്തിക്കുന്ന അനുഭവവും ലഭിച്ചിരുന്നു.

# ടെക്ക് എക്സ്പോ

- **2024** ലെ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കമ്പ്യൂട്ടറിന്റെ വിവിധ ഭാഗങ്ങൾ പരിചയപ്പെടുത്തലും, കമ്പ്യൂട്ടർ ഹാർഡ്‌വെയർ അസംബ്ലിംഗും മറ്റു വിദ്യാലയങ്ങളിലെ കുട്ടികൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിച്ചു.
- **2025** ഫെബ്രുവരിയിൽ പ്രദേശത്തെ നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി അനിമേഷൻ സാങ്കേതികവിദ്യയിൽ ക്യാമ്പ് നടത്തി.
- **2025** മാർച്ചിൽ ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി നിർമ്മിത ബുദ്ധി, അനിമേഷൻ എന്നീ നൂതന സാങ്കേതിക വിദ്യകളിൽ പഠന ക്യാമ്പ് നടത്തി.

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# പാഠ്യേതര പ്രവർത്തനം - നേട്ടങ്ങൾ

## കലാമേള

- 2024-2025 അധ്യയനവർഷത്തെ പട്ടാമ്പി ഉപജില്ല കലാമേളയിൽ യു പി വിഭാഗം ഓവറോൾ കിരീടം
- 2024-2025 അധ്യയനവർഷത്തെ സംസ്ഥാന കലോത്സവത്തിൽ നാടോടി നൃത്തത്തിൽ എ ഗ്രേഡ്
- 2023-2024 അധ്യയനവർഷത്തെ പട്ടാമ്പി ഉപജില്ല കലാമേളയിൽ യു പി വിഭാഗം രണ്ടാം സ്ഥാനം
- 2022-2023 അധ്യയനവർഷത്തെ പട്ടാമ്പി ഉപജില്ല കലാമേളയിൽ യു പി വിഭാഗം ഓവറോൾ കിരീടം

## കായിക മേള

- 2024ൽ കേരളത്തിന് വേണ്ടി ദേശീയ തലത്തിൽ റഗ്ബി മത്സരത്തിൽ രണ്ട് വിദ്യാർഥിനികൾ പങ്കടുത്തു

## പ്രവൃത്തിപരിചയ മേള

- 2023-2024, 2024-2025 അധ്യയന വർഷങ്ങളിൽ സംസ്ഥാന പ്രവൃത്തിപരിചയ മേളയിൽ വുഡ്‌വർക്കിങ് ഇനത്തിൽ എ ഗ്രേഡ്
- 2023-2024, 2024-2025 അധ്യയന വർഷങ്ങളിൽ പാലക്കാട് ജില്ല പ്രവൃത്തിപരിചയ മേളയിൽ പേപ്പർ ക്രാഫ്റ്റ് ഇനത്തിൽ എ ഗ്രേഡ്

## ഗണിതശാസ്ത്ര മേള

- 2024-2025 അധ്യയന വർഷങ്ങളിൽ പാലക്കാട് ജില്ല ഗണിതശാസ്ത്ര മേളയിൽ പസിൽ, അദർ ചാർട്ട് എന്നീ ഇനങ്ങളിൽ എ ഗ്രേഡ്

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# ഭൗതിക സൗകര്യങ്ങൾ

## നിലവിലെ അവസ്ഥാ വിശകലനം

- ഹൈസ്കൂൾ വിഭാഗം 8, 9, 10 ഓരോ ക്ലാസിനും രണ്ടു ഡിവിഷൻ വീതം മൊത്തം ആറ് ഡിവിഷനുകളും, യു പി വിഭാഗം 5, 6, 7 ഓരോ ക്ലാസിനും രണ്ടു ഡിവിഷൻ വീതം മൊത്തം ആറ് ഡിവിഷനുകളും അടക്കം ആകെ 12 ഡിവിഷനുകളിലായിട്ടാണ് സ്കൂൾ പ്രവർത്തിക്കുന്നത്.
- ഹൈസ്കൂൾ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ആറ് ക്ലാസ് മുറികളും പ്രൊജക്ടർ സൗകര്യമുള്ള സ്മാർട്ട് ക്ലാസ് റൂമുകളാണ്.
- ഫിസിക്സ് കെമിസ്ട്രി ബയോളജി തുടങ്ങി ഓരോ ശാസ്ത്ര വിഷയങ്ങൾക്കും പ്രത്യേകം ലാബ് സൗകര്യം ഉണ്ട്.
- 30 ലാപ്ടോപ്പുകളോട് കൂടിയ മികച്ച ഐടി ലാബ് സൗകര്യം ഉണ്ട്.
- കുട്ടിശാസ്ത്രജ്ഞൻമാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ അടൽ ടിങ്കറിംഗ് ലാബിന്റെ പ്രവർത്തനങ്ങൾ നടത്തുന്നു
- എസ് എസ് എൽ സി കുട്ടികൾക്ക് പഠനത്തിന് അധിക സമയം കണ്ടെത്തുന്നു
- യു എസ് എസ്, എൻ എം എം എസ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് പ്രത്യേകം സമയം കണ്ടെത്തി പരിശീലിപ്പിക്കുന്നു.
- പഠന പിന്തുണ വേണ്ട കുട്ടികളെ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.
- ലിറ്റിൽ കൈറ്റ്സ്, ജെ ആർ സി, സ്കൗട്ട് ആൻഡ് ഗൈഡ്
- അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള നിരന്തര സമ്പർക്കം
- കൗൺസിലിംഗ് സൗകര്യം
- യാത്രാസൗകര്യം - ബസ് സൗകര്യം
- പ്രതിഭാധനരായ അദ്ധ്യാപകർ
- മികച്ച ടീം വർക്ക്
- മികച്ച പി ടി എ
- മികച്ച എസ് എം സി
- വലിയ പ്ലേ ഗ്രൗണ്ട്

## പരിമിതികൾ

- പി ടി അധ്യാപകന്റെ കുറവ്
- ഡൈനിങ് ഹാൾ, ഓഡിറ്റോറിയം സൗകര്യമില്ല

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# എസ്എസ്എൽസി 2026 - മുന്നൊരുക്കങ്ങൾ

2026 മാർച്ചിലെ എസ്എസ്എൽസി പരീക്ഷ എഴുതാൻ ജി. എച്ച്. എസ്. എസ്. കൊടുമുണ്ടയിൽ നിന്നും ആകെ 57 കുട്ടികളാണ് തയ്യാറെടുക്കുന്നത്.

**പഠനാസൂത്രണം:**

പത്താം ക്ലാസിലെ സ്കീം ഓഫ് വർക്ക് പ്രകാരം ഓരോ വിഷയത്തിന്റെയും പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കണിശതയോടെ നടപ്പാക്കുക

**സ്പെഷ്യൽ ക്ലാസുകൾ:**

- ജൂലൈ ആദ്യവാരം മുതൽ രാവിലെയുള്ള സ്പെഷ്യൽ ക്ലാസുകൾ ആരംഭിക്കുക.
- രാവിലെ 9 മണി മുതൽ 9.45 വരെ ഉള്ള സമയം ഇതിനായി ഉപയോഗപ്പെടുത്തുക
- കൃത്യമായ ടൈം ടേബിൾ പ്രകാരം തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം തുടങ്ങി എല്ലാ ദിവസങ്ങളിലും സ്പെഷ്യൽ ക്ലാസ് നൽകുക.
- അവധി വരുന്ന ശനിയാഴ്ചകൾ പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉപയോഗപ്പെടുത്തുക.

**പ്രതിമാസ മൂല്യനിർണയം:**

- ഒന്നാം പാദവാർഷിക പരീക്ഷ, രണ്ടാം പാദവാർഷിക പരീക്ഷ, മോഡൽ പരീക്ഷ എന്നിവയെ കൂടുതൽ ഗൗരവത്തോടെ സമീപിക്കാൻ പരിശീലിപ്പിച്ചു കൊണ്ട് എസ്എസ്എൽസി മുഖ്യ പരീക്ഷ അനായാസം നേരിടുന്നതിന് കുട്ടികളെ ആത്മവിശ്വാസം ഉള്ളവരാക്കി തീർക്കുക
- പാദവാർഷിക - അർദ്ധവാർഷിക പരീക്ഷകൾ ഒഴികെയുള്ള എല്ലാ മാസങ്ങളിലും പ്രതിമാസ പരീക്ഷ എല്ലാ വിഷയങ്ങളിലും റെഗുലർ ക്ലാസിനെ ബാധിക്കാത്ത വിധം അധികസമയം കണ്ടെത്തി നടത്തുക
- എസ്എസ്എൽസി പരീക്ഷയ്ക്ക് ഇരിക്കുന്ന അതേ മാതൃകയിൽ പരീക്ഷാ ഹാൾ സജ്ജീകരിക്കുക. ഒരു ബെഞ്ചിൽ രണ്ട് കുട്ടികൾ എന്ന രീതിയിൽ ഒരു ക്ലാസ്സിൽ ഏകദേശം 20 കുട്ടികൾ വരുന്ന തരത്തിൽ കുട്ടികളെ ക്രമീകരിക്കുക
- ഓരോ വിഷയത്തിലും അതാത് അധ്യാപകർ തയ്യാറാക്കിയ പ്രിന്റഡ് ചോദ്യപ്പേപ്പർ ഓരോ കുട്ടിക്കും കൊടുത്തുകൊണ്ട് ചിട്ടയായ ക്രമീകരണത്തോടെയും അതീവ ഗൗരവത്തോടെയും പരീക്ഷ നടത്തുക.
- കൃത്യമായ വിലയിരുത്തലിനു ശേഷം മുഴുവൻ കുട്ടികളുടെയും കൺസോളിഡേറ്റഡ് മാർക്ക് സ്റ്റേറ്റ്മെൻറ് അതാത് ക്ലാസുകളിൽ കുട്ടികൾക്കായി പ്രദർശിപ്പിക്കുക.
- ഓരോ ടെസ്റ്റിന് ശേഷവും പരീക്ഷയിൽ ഉയർന്ന വിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കുകയും അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുക.
- അതുപോലെ പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം പരിഗണിച്ചു കൊണ്ട് അവരുടെ പഠന നില മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

**ക്ലാസ് പി ടി എ:**

- ഓരോ മാസത്തെ പരീക്ഷയ്ക്ക് ശേഷവും ക്ലാസ് പിടിഎകൾ വിളിച്ചു ചേർത്ത് രക്ഷിതാക്കളുമായി സംവദിക്കുക.
- രക്ഷിതാക്കളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചോദിച്ചറിഞ്ഞ് കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുക

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# പ്രത്യേക പഠനപിന്തുണാ പ്രവർത്തനങ്ങൾ

- ഓരോ ക്ലാസ്സിലും പഠനപരിമിതികൾ നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു.
- ക്ലാസിലെ പ്രകടനം (വായന, എഴുത്ത്, പഠന പ്രവർത്തനങ്ങളിലെ പങ്കാളിത്തം) മൂല്യനിർണയത്തിന് വിധേയമാക്കുന്നു.
- എഴുത്തു പരീക്ഷയിൽ നേടുന്ന സ്കോർ വിശകലനം ചെയ്യുന്നു.
- പിന്തുണ ആവശ്യമുള്ള കുട്ടികളുടെ കുടുംബ പശ്ചാത്തലം സാമൂഹിക അന്തരീക്ഷം എന്നിവ തിരിച്ചറിയുന്നതിന് ഗൃഹ സന്ദർശനം നടത്തുകയും രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം പുലർത്തുകയും ചെയ്യുന്നു.
- പിന്തുണ ആവശ്യമുള്ള കുട്ടികളെ മൂന്ന് പേർ അടങ്ങുന്ന ചെറു ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനെയും ഓരോ അധ്യാപകനെ ഏൽപ്പിക്കുന്നു (TAG)
- അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ അക്ഷരാഭ്യാസവും ഗണിത ചതുഷ്ക്രിയകളും ഘട്ടം ഘട്ടമായി പരിശീലിപ്പിക്കുന്നു.
- കോപ്പിയെഴുത്ത്, വായന, പദാവലി, ഗണിത ക്രിയകൾ, തുടങ്ങിയ പ്രവർത്തനങ്ങൾ നിത്യവും അഭ്യസിപ്പിക്കുന്നു.
- ശ്രദ്ധ ക്ലാസ്സുകൾ ഫലപ്രദമായി നടപ്പിലാക്കുന്നു.
- ഓരോ ക്ലാസ്സിലും നേടിയെടുക്കേണ്ട ശേഷികൾ/നൈപുണികൾ ആർജ്ജിക്കാൻ പ്രാപ്തരാക്കുന്നു
- പഠന വിടവ് പരിഹരിക്കപ്പെട്ട് പഠന നേട്ടങ്ങളിലെത്താൻ കൈത്താങ്ങാകുന്നു

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# നൂതനാശയ പ്രവർത്തനങ്ങൾ

**വിഷയം: *ഗണിതം***

**ആശയം: *ഭിന്നസംഖ്യകൾ***

ഗണിതശാസ്ത്രത്തിലെ ഒരു അടിസ്ഥാന ആശയമാണ് ഭിന്നസംഖ്യകൾ, എന്നിരുന്നാലും അവ പലപ്പോഴും വിദ്യാർത്ഥികൾക്ക് ഒരു പ്രധാന വെല്ലുവിളി ഉയർത്തുന്നു. പൂർണ്ണ സംഖ്യകളിൽ നിന്ന് വ്യത്യസ്തമായി, ഭിന്നസംഖ്യകൾക്ക് പുതിയ നിയമങ്ങൾ, അമൂർത്ത യുക്തി, വിവിധ തരത്തിലുള്ള പ്രതിനിധാനം എന്നിവ ഉള്ളതിനാൽ അവയെ മനസ്സിലാക്കാൻ പ്രയാസകരമാക്കുന്നു.

ഒരു പൂർണ്ണത്തിന്റെ ഭാഗം അല്ലെങ്കിൽ പൊതുവായി, സമാനമായ അനേകം ഭാഗങ്ങളിൽ ഏതെങ്കിലും എണ്ണമത്രയും പ്രതിനിധീകരിക്കുന്നതാണ് ഭിന്നസംഖ്യകൾ. ഭിന്നസംഖ്യകൾ പഠിപ്പിക്കുമ്പോൾ ഫലപ്രദമായ ദൃശ്യസഹായികൾ, ജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ, പ്രായോഗിക പ്രവർത്തനങ്ങൾ, മനഃപാഠമാക്കുന്നതിനുപകരം ആശയപരമായ ധാരണയിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ എന്നിവ സംയോജിപ്പിക്കുന്ന ഒരു ബഹുമുഖ സമീപനമാണ് സ്വീകരിക്കേണ്ടത്. ഭിന്നസംഖ്യകളിൽ ഉള്ള ആശയങ്ങളിൽ നേരത്തെ തന്നെ ശക്തമായ അടിത്തറ കെട്ടിപ്പടുക്കുക എന്നത് ഉയർന്ന ക്ലാസുകളിലെ ഗണിതശാസ്ത്ര വിജയത്തിന് നിർണായകമാണ്.

ഭിന്നസംഖ്യകൾ ഫലപ്രദമായി കുട്ടികളിൽ എത്തിക്കാൻ ബോധന പ്രക്രിയ ഇപ്രകാരം രൂപകൽപന ചെയ്യാവുന്നതാണ്:

***1. ആശയബോധം വികസിപ്പിക്കുക***

- *ദൃശ്യപരമായ ആശയരൂപീകരണം:* ഫ്രാക്ഷൻ ഡിസ്ക്കുകൾ, ചിത്ര പാറ്റേണുകളുടെ നിർമ്മാണം, പേപ്പർ ഫോൾഡിംഗ് തുടങ്ങിയവ ഉപയോഗിക്കുക.
  ഭിന്നസംഖ്യകളെ പ്രതിനിധീകരിക്കുന്നതിന് തുല്യ ഭാഗങ്ങളായി വിഭജിച്ച വൃത്തങ്ങൾ, ചതുരങ്ങൾ അല്ലെങ്കിൽ മറ്റ് ആകൃതികൾ ഉപയോഗിക്കുക.
  ഡിജിറ്റൽ പഠന വിഭവങ്ങളുടെ ഉപയോഗത്തിലൂടെ ഭിന്നസംഖ്യകളെ പരിചയപ്പെടുത്തുന്നു
- *ജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ:* കേക്ക് പങ്കിടൽ, ചേരുവകൾ അളക്കൽ, അല്ലെങ്കിൽ വസ്തുക്കൾ വിഭജിക്കൽ തുടങ്ങിയ ദൈനംദിന സാഹചര്യങ്ങളുമായി ഭിന്നസംഖ്യകളെ ബന്ധപ്പെടുത്തുക.
- *ഭാഷ ഉപയോഗിച്ച് പ്രധാന പദങ്ങൾ പരിചയപ്പെടുത്തുക:* അംശത്തിന്റെയും ഛേദത്തിന്റെയും അർത്ഥം ഊന്നിപ്പറയുക,
  - അംശം (മുകളിലെ സംഖ്യ) നിങ്ങൾ എത്ര ഭാഗങ്ങൾ എടുത്തു എന്ന് കാണിക്കുന്നു.
  - ഛേദം (താഴെയുള്ള സംഖ്യ) മുഴുവൻ വിഭജിച്ചിരിക്കുന്ന തുല്യ ഭാഗങ്ങളുടെ ആകെ എണ്ണം കാണിക്കുന്നു.
  - ഒരു മൊത്തത്തിലുള്ള ഭാഗങ്ങളുടെ എണ്ണവും, ആകെ ഭാഗങ്ങളുടെ എണ്ണവും എങ്ങനെ നിർവചിക്കുന്നു എന്ന് വിശദീകരിക്കാൻ ലളിതമായ ഭാഷയും പ്രസക്തമായ ഉദാഹരണങ്ങളും ഉപയോഗിക്കുക.

***2. പ്രായോഗിക പ്രവർത്തനങ്ങൾ***

- ഫ്രാക്ഷൻ ഡിസ്ക് തയ്യാറാക്കൽ, ചിത്രപാറ്റേൺ നിർമ്മാണം തുടങ്ങിയവയുടെ ശില്പശാല നടത്തി ഉല്പന്നങ്ങൾ ഗണിത ലാബിൽ ഉപയോഗിക്കുക
- ഭിന്നസംഖ്യകളെ രസകരവും ആകർഷകവുമാക്കുന്ന ഫ്രാക്ഷൻ ഗെയിമുകൾ ഉൾപ്പെടുത്തുക

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

- ഭിന്നസംഖ്യകളെ സംയോജിപ്പിക്കുകയോ വിഭജിക്കുകയോ ചെയ്യുന്ന പ്രവർത്തനങ്ങൾ ഉപയോഗിക്കുക. ഉദാഹരണത്തിന്, രണ്ട് 1/4 കഷണങ്ങൾ 1/2 എങ്ങനെ ഉണ്ടാക്കുന്നുവെന്ന് കാണിക്കുക.

### 3. *മനഃപാഠമാക്കുന്നതിനുപകരം മനസ്സിലാക്കലിന് പ്രാധാന്യം നൽകുക*

- *ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക:* നിയമങ്ങൾ മനഃപാഠമാക്കുന്നതിനുപകരം, ഭിന്ന സംഖ്യകളെ ഉപയോഗിച്ചുകൊണ്ടുള്ള ക്രിയകൾ എന്തുകൊണ്ട് പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിൽ ശ്രദ്ധയൂന്നുക.
- *പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുക:* ഭിന്നസംഖ്യകളെ പ്രതിനിധീകരിക്കുന്നതിനും അവ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്തുന്നതിനുമുള്ള വ്യത്യസ്ത വഴികൾ പര്യവേക്ഷണം ചെയ്യാൻ വിദ്യാർത്ഥികളെ അനുവദിക്കുക.

### 4. *പരിശീലനവും പ്രയോഗവും*

- *വൈവിധ്യമാർന്ന പരിശീലനങ്ങൾ:* പ്രശ്നപരിഹാരവും യഥാർത്ഥ ലോക പ്രയോഗവും ആവശ്യമുള്ളവ ഉൾപ്പെടെ നിരവധി പരിശീലന പ്രശ്നങ്ങൾ നൽകുക.
- *മറ്റ് ഗണിത വിഷയങ്ങളുമായി ബന്ധപ്പെടുക:* അംശബന്ധം, അനുപാതങ്ങൾ, ബീജഗണിതം തുടങ്ങിയ മറ്റ് ഗണിതശാസ്ത്ര ആശയങ്ങളുമായി ഭിന്നസംഖ്യകൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുക.

### 5. *ആശയഗ്രഹണം പതുക്കെയും സ്ഥിരതയോടെയുമാകണം*

- പഠന പ്രക്രിയയിൽ തിരക്ക് കൂട്ടരുത്. കൂടുതൽ സങ്കീർണ്ണമായ ഭിന്നസംഖ്യാ പ്രവർത്തനങ്ങളിലേക്ക് നീങ്ങുന്നതിന് മുമ്പ് വിദ്യാർത്ഥികൾ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുന്നുവെന്ന് ഉറപ്പാക്കുക.
- ആശയങ്ങൾ പതിവായി അവലോകനം ചെയ്യുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

### 6. *ഭിന്നസംഖ്യകളുടെ ലഘുവായ രൂപം ഉപയോഗിക്കുക*

- സാധ്യമാകുമ്പോൾ, ഭിന്നസംഖ്യകളെ അവയുടെ ഏറ്റവും ലഘുവായ രൂപത്തിലേക്ക് ആക്കിയ ശേഷം ക്രിയകൾ ചെയ്യുക
- തുല്യ ഭിന്നസംഖ്യകളെക്കുറിച്ച് മികച്ച ഗ്രാഹ്യം വികസിപ്പിക്കാൻ ഇത് വിദ്യാർത്ഥികളെ സഹായിക്കുന്നു.

മേൽപ്പറഞ്ഞ രീതികൾ ഉപയോഗിക്കുന്നതിലൂടെ, ഭിന്നസംഖ്യകളെയും അവയുടെ പ്രയോഗങ്ങളെയും കുറിച്ച് വിദ്യാർത്ഥികൾക്ക് ഉറച്ച ധാരണ വികസിപ്പിക്കാൻ കഴിയുന്നു. കുട്ടികളിൽ ഭിന്നസംഖ്യകൾ ഉപയോഗിച്ചുള്ള ക്രിയകൾ ചെയ്യുന്നതിന് ആത്മവിശ്വാസം വളർത്തുന്നതോടൊപ്പം ആകർഷകമായ പഠനാന്തരീക്ഷം സൃഷ്ടിക്കാനും കഴിയുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന ഈ നൂതനാശയ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിത ചിലവ് 3000/-രൂപയാണ്.

# വിഷയാധിഷ്ഠിത മാസ്റ്റർ പ്ലാൻ 2025-2026

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിച്ച് പദസമ്പത്ത് വളർത്തുക. | • മുന്നറിവ് പരിശോധന, പദകേളി, വാക്യങ്ങളുടെ നിർമ്മാണം<br>• അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ, കുറിപ്പ് തയ്യാറാക്കൽ<br>• വായന ദിനാചരണങ്ങൾ<br>• വിദ്യാരംഗം ക്ലബ്ബ് രൂപീകരണവും ഉദ്ഘാടനവും | ഒരു വർഷം | ഭാഷ അധ്യാപകർ, കുട്ടികൾ | |
| സാഹിത്യരചനകൾ വായിച്ച് പ്രമേയം, ആസ്വാദനാംശങ്ങൾ എന്നിവ കണ്ടെത്തുക | • പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, കഥ, കവിത, നോവൽ, ഉപന്യാസം, തിരക്കഥ, ലേഖനം, ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം എന്നിവ വായിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• വായനാപ്പതിപ്പ് തയ്യാറാക്കൽ<br>• ബഷീർ ദിനാചരണങ്ങൾ | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഭാഷ അധ്യാപകർ | |
| സാഹിത്യകൃതികൾ വാചിക, ലിഖിത, പ്രകടന രൂപങ്ങളിൽ ആവിഷ്കരിക്കുക | • നാടകാവതരണം<br>• പ്രസംഗം | ഒരു വർഷം | ഭാഷ അധ്യാപകർ, കുട്ടികൾ | |
| സർഗാത്മക രചനകളിൽ ഏർപ്പെടുക | • ലൈബ്രറി നവീകരണം (ക്ലാസ്സ്, സ്കൂൾ)<br>• വ്യത്യസ്ത സാഹിത്യ കൃതികൾ പരിചയപ്പെടൽ<br>• കയ്യെഴുത്ത് മാസിക<br>• എന്റെവായന - വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പുകൾ/വായനാക്കുറിപ്പുകൾ<br>• അഭിമുഖം (പ്രാദേശിക സാഹിത്യകാരന്മാർ/ കലാകാരന്മാർ), ചോദ്യാവലി തയ്യാറാക്കൽ | ഒരു വർഷം | ഭാഷ അധ്യാപകർ, കുട്ടികൾ | |
| വ്യത്യസ്ത ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും സർഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും | • കഥ-കവിത ശില്പശാല<br>• നാടകക്കളരി<br>• ചൊൽക്കാഴ്ച<br>• കവിയരങ്ങ്<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട മത്സരങ്ങൾ - കഥാരചന, കവിതാരചന, ഉപന്യാസരചന, പോസ്റ്റർ തയ്യാറാക്കൽ വായനാക്കുറിപ്പ് തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, പ്രശ്നോത്തരി | ഒരു വർഷം | ഭാഷ അധ്യാപകർ | |

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

| | | | | |
|---|---|---|---|---|
| ഭാഷാപഠനം സാങ്കേതികവിദ്യാ സൗഹൃദമാക്കുക | • റീൽസ് നിർമ്മാണം<br>• കഥ, ഭാവാത്മക വായന, കവിത ചൊല്ലൽ റെക്കോർഡിങ്<br>• ചൊൽക്കാഴ്ചകൾ, നാടകാവതരണം വീഡിയോ ഷൂട്ട് | ഒരു വർഷം | ഭാഷ അധ്യാപകർ | |
| ഉച്ചാരണപ്രശ്നങ്ങൾ തിരിച്ചറിയുക മാതൃകകളിലൂടെ തിരുത്തി മുന്നേറുക | • ഭാഷാ ലാബ് | ഒരു വർഷം | ഭാഷ അധ്യാപകർ | |
| ഭാഷാപരമായും സാംസ്കാരികപരമായും പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രാധാന്യം തിരിച്ചറിയുക | • പഠനയാത്ര<br>• വീഡിയോ/റീൽസ് നിർമ്മാണം<br>• യാത്രാവിവരണം തയ്യാറാക്കൽ<br>• യാത്രാവിവരണ പതിപ്പ് തയ്യാറാക്കൽ | ഒരു വർഷം | ഭാഷ അധ്യാപകർ, കുട്ടികൾ | |
| ലൈബ്രറി ഭാഷാപഠനം ആയി ബന്ധപ്പെടുത്തി മികവുറ്റവാക്കുക | • ക്ലാസുകളിലേക്കുള്ള പുസ്തകവിതരണം<br>• ആഴ്ചയിൽ ഓരോ ക്ലാസിൽ നിന്നും ഓരോ പുസ്തകങ്ങൾ പരിചയപ്പെടുത്തുക<br>• വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് എഴുതി പതിപ്പാക്കി മാറ്റുക | ഒരു വർഷം | ഭാഷ അധ്യാപകർ, കുട്ടികൾ | |

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ലളിതമായ ആശയവിനിമയം സംസ്കൃത ഭാഷയിൽ നടത്താൻ പ്രാപ്തരാക്കുന്നു | • ക്ലാസ്മുറിയിൽ അകത്തും പുറത്തും ആയി ചെറിയ ആശയ വിനിമയ ഉപാധികൾ സ്വീകരിക്കുന്നു | ഒരു വർഷം | സംസ്കൃതം അധ്യാപിക, കുട്ടികൾ | |
| വായനയ്ക്കും എഴുത്തിനും സജ്ജരാക്കുന്നു | • സംസ്കൃത മാസികകളും സാഹിത്യ സങ്കേതങ്ങളും വായനക്കായി നിർദേശിക്കുന്നു | 6-7 മാസം | സ്കൂൾ ലൈബ്രറി ചുമതലയുള്ള ടീച്ചർ, സംസ്കൃതം അധ്യാപിക | |
| ചെറിയ ക്ലാസ്സുകളിൽ ചിത്ര സംയോജനത്തോടൊപ്പം ആശയം വ്യക്തമാക്കാൻ സഹായിക്കുന്നു | • നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം | ആദ്യത്തെ 4 മാസം | കുട്ടികൾ, അധ്യാപകർ | |
| സംസ്കൃത ഭാഷ ഭാരതീയ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമാണെന്ന് ദിനാചരണങ്ങളിലൂടെ വ്യക്തമാക്കി കൊടുക്കുന്നു | • സംസ്കൃത ദിനാചരണം, രാമായണ മാസാചരണം, ഗുരുപൂർണിമ തുടങ്ങിയ ദിനാചരണങ്ങൾ കുട്ടികളെ ഭാഗഭാക്കാക്കുന്നു | ഒരു വർഷം | കുട്ടികൾ, അധ്യാപകർ | |
| സ്വതന്ത്ര ആവിഷ്കാരങ്ങൾക്ക് വഴിയൊരുക്കുന്നു | • പാഠഭാഗത്തിന് പുറത്ത് നിന്നുകൊണ്ട് സ്വതന്ത്ര ആവിഷ്ക്കാരതിന് പ്രോത്സാഹിപ്പിക്കുന്നു | വർഷം മുഴുവൻ | കുട്ടികൾ, സംസ്കൃതം അധ്യാപിക | |
| സാങ്കേതിക വിദ്യ സഹായത്തോടു കൂടി സംസ്കൃതഭാഷ അഭിരുചി വർദ്ധിപ്പിക്കുന്നു | • പാഠപുസ്തകങ്ങളിൽ പാഠവുമായി ബന്ധപ്പെട്ട ICT വിദ്യയിലൂടെ പരിചയപ്പെടുത്തുന്നു | 6-7 മാസം | SICT, സംസ്കൃതം അധ്യാപിക | |
| സംസ്കൃതത്തിലെ സർഗശേഷി വികസനം | • കലാരൂപങ്ങളും കലാകേന്ദ്രങ്ങളും മറ്റും ഭാഷയുടെ പുരോഗതിയിലേക്ക് നയിക്കുന്നു കേന്ദ്രങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു | 6-7 മാസം | സംസ്കൃതം അധ്യാപിക | |

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ലളിതമായ ആശയവിനിമയം അറബി ഭാഷയിൽ നടത്താൻ പ്രാപ്തരാക്കുന്നു | • ക്ലാസ്മുറിയിൽ അകത്തും പുറത്തും ആയി ചെറിയ ആശയ വിനിമയ ഉപാധികൾ സ്വീകരിക്കുന്നു | ഒരു വർഷം | അറബി അധ്യാപകൻ, കുട്ടികൾ | |
| വായനയ്ക്കും എഴുത്തിനും സജ്ജരാക്കുന്നു | • അറബി മാസികകളും സാഹിത്യ സങ്കേതങ്ങളും വായനക്കായി നിർദേശിക്കുന്നു | 6-7 മാസം | സ്കൂൾ ലൈബ്രറി ചുമതലയുള്ള ടീച്ചറും അറബി അധ്യാപകനും | |
| ചെറിയ ക്ലാസ്സുകളിൽ ചിത്ര സംയോജജനതോടൊപ്പം ആശയം വ്യക്തമാക്കാൻ സഹായിക്കുന്നു | • നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം | ആദ്യത്തെ 4 മാസം | കുട്ടികളും അധ്യാപകരും | |
| അറബി ഭാഷ എന്നത് സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമാണെന്ന് ദിനാചരണങ്ങളിലൂടെ വ്യക്തമാക്കി കൊടുക്കുന്നു | • അറബി ദിനാചരണം, തുടങ്ങിയ ദിനാചരണങ്ങൾ കുട്ടികളെ ഭാഗഭാക്കാക്കുന്നു | ഒരു വർഷം | സ്കൂളിലെ അധ്യാപകരുടെ യും കുട്ടികളുടെയും സഹായത്തോടെ | |
| സ്വതന്ത്ര ആവിഷ്കാരങ്ങൾക്ക് വഴിയൊരുക്കുന്നു | • പാഠഭാഗത്തിന് പുറത്ത് നിന്നുകൊണ്ട് സ്വതന്ത്ര ആവിഷ്ക്കാരതിന് പ്രോത്സാഹിപ്പിക്കുന്നു | വർഷം മുഴുവൻ | കുട്ടികൾ അറബി അധ്യാപകൻ | |
| സാങ്കേതിക വിദ്യ സഹായത്തോടു കൂടി അറബിഭാഷ അഭിരുചി വർദ്ധിപ്പിക്കുന്നു | • പാഠപുസ്തകങ്ങളിൽ പാഠവുമായി ബന്ധപ്പെട്ട ICT വിദ്യയിലൂടെ പരിചയപ്പെടുത്തുന്നു | 6-7 മാസം | ICT ചുമതലയുള്ള അധ്യാപകന്റെ സഹായത്തോടെ അറബിഅധ്യാപകൻ | |
| അറബി സർഗശേഷി വികസനം | • കലാരൂപങ്ങളും കലാകേന്ദ്രങ്ങളും മറ്റും ഭാഷയുടെ പുരോഗതിയിലേക്ക് നയിക്കുന്നു കേന്ദ്രങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു | 6-7 മാസം | മറ്റ് അധ്യാപകരുടെ സഹായത്തോടെ അറബി അധ്യാപകൻ | |

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To Communicate | • Spoken English Class<br>• English Library<br>• English Cartoon<br>• English Assembly | Vacation<br>Saturdays | PTA<br>Teachers | |
| Creative Writing | • Cinema And Documentary<br>• Role Play<br>• English Day<br>• Seminar | Classroom<br>Activities | Teachers<br>SRG | |
| Freethinking And Writing | • News Paper Reading<br>• Public Speaking<br>• News Reading<br>• Competitions | Classroom<br>Activities<br>Assembly | PTA<br>Teachers | |
| Dramatization | • Englis Assembly<br>• Skit<br>• English Lab | Class Room<br>Activities<br>Camp<br>Saturdays | PTA<br>SRG<br>Teachers<br>English Club | |
| To equip the learners for Versification | • English Audio<br>• Appreciation<br>• Book Reviews | Class Room<br>Activities<br>Saturdays | Teachers<br>PTA<br>SRG | |
| Exploring the possibilities in ICT | • E Magazine<br>• Interview With a Maestro<br>• English Fest<br>• English Film | Vacation<br>Onam<br>Xmas | Teachers<br>PTA<br>SRG | |
| Debate | • Online interaction with famous writers and poets | Twice in an Academic Year | Teachers<br>PTA<br>SRG | |

ജി. എച്ച്. എസ്. എസ്. കൊടുമുണ്ട - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# ഹിന്ദി
